**Athmaraksha.org**

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ സാമുവൽ ( ക്രിസ്തുവിന് 1000 വർഷം മുമ്പ്)



സാമുവൽ എന്ന ഹിബ്രു വാക്കിന്റെ അർത്ഥം ദൈവം വിളികേട്ടു എന്നാണ് . ഇസ്രയേലിന്റെ അവസാനത്തെ ന്യായാധിപനായിരുന്ന സാമുവൽ. സാമുവലിന്റെ ജീവിതകഥ പൂർണ്ണമായി വിവരിക്കുന്ന ബൈബിൾ ഗ്രന്ഥമാണ് സാമുവൽ ഒന്നാം ഗ്രന്ഥം. എഫ്രായിം മലനാട്ടിലെ സൂഫ് വംശജനായ എലക്കാനയുടെയും ഹന്നായുടെയും മകനായിരുന്ന സാമുവൽ . മക്കളില്ലാതെ ഏറെ ദു:ഖിച്ചിരുന്ന ഹന്ന ദേവാലയത്തിൽ വച്ച് കരഞ്ഞു പ്രാർത്ഥിക്കുന്ന സംഭവം ബൈബിളിൽ വിവരിക്കുന്നുണ്ട്. 'ദൈവമേ ഈ ദാസിയെ വിസ്മരിക്കരുതേ... എനിക്കൊരു പുത്രനെ നൽകിയാൽ അവന്റെ ജീവതകാലം മുഴുവൻ അവനെ ഞാൻ അങ്ങേയ്ക്ക് പ്രതിഷ്ഠിക്കും.' ഹന്നയുടെ പ്രകടനങ്ങൾ കണ്ട് പുരോഹിതനായ ഏലി അവൾ മദ്യപിച്ചിട്ടുണ്ടെന്ന് കരുതി അവളോട് കോപിച്ചു. എന്നാൽ ഹന്ന പറഞ്ഞു. വളരെയേറെ മനോവേദന അനുഭവിക്കുന്നവളാണ് ഞാൻ. വീഞ്ഞോ ലഹരിപാനീയങ്ങളോ ഞാൻ കുടിച്ചിട്ടില്ല കർത്താവിന്റെ മുൻപിൽ എന്റെ ഹൃദയവികാരങ്ങൾ ഞാൻ പകരുകയായിരുന്നു. പുരോഹിതൻ അവളെ അനുഗ്രഹിച്ചു.

'ദൈവം നിന്റെ പ്രാർത്ഥന കേൾക്കട്ടെ' എന്ന് അദ്ദേഹം ആശംസിച്ചു. ഹന്നയുടെ പ്രാർത്ഥന ദൈവം കേട്ടു. അവൾക്ക് സാമുവൽ പിറന്നു. ഹന്ന തന്റെ വാഗ്ദാനം നിറവേറ്റി. സാമുവലിനെ ദൈവത്തിന്റെ ആലയത്തിൽ അവൾ സമർപ്പിച്ചു. പുരോഹിതനായ ഏലിയുടെയൊപ്പം ദേവാലയത്തിൽ അവൻ വളർന്നു. ഏലിയായുടെ മക്കൾ ദുഷ്ടന്മാരായിരുന്നു. എന്നാൽ അവർക്കൊപ്പം വളർന്ന സാമുവൽ ദൈവത്തിൽ ഉറച്ചു വിശ്വസിച്ചു. ദൈവം സാമുവലിനെ വിളിച്ചു. സാമുവൽ ഇസ്രയേൽ മുഴുവൻ ആരാധിക്കപ്പെടുന്നവനായി മാറി. ഇസ്രയേലിന്റെ ന്യായാധിപനായി ദൈവം സാമുവലിനെ ചുമതലപ്പെടുത്തി.

ഇസ്രയേലിന്റെ ആദ്യരാജാവായി സാവൂളിനെ അഭിഷിക്തനാക്കുന്നത് സാമുവലാണെന്നു ബൈബിളിൽ കാണാം കർത്താവല്ലാതെ മറ്റൊരു രാജാവ് ആവശ്യമില്ലെന്നായിരുന്നു സാമുവലിന്റെ അഭിപ്രായമെങ്കിലും ജനഹിതമനുസരിച്ച് പ്രവർത്തിക്കാൻ കർത്താവ് പറഞ്ഞതോടെ അദ്ദേഹം വഴങ്ങുകയായിരുന്നു. യുദ്ധങ്ങളിൽ സാവൂൾ വിജയിച്ചുവെങ്കിലും ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിച്ചതുകൊണ്ട് സാവൂൾ തിരസ്കൃതനായി., സാവൂളിന്റെ മരണത്തിനു മുൻപ് തന്നെ സാമുവൽ ദാവീദിനെ രാജാവായി അഭിഷേകം ചെയ്തിരുന്നു . ദാവീദ് സമാധാനം സ്ഥാപിച്ചു. രാജ്യത്ത് ഐശ്വര്യം കളിയാടി. ന്യായാധിപന്മാർ റൂത്ത് രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിലെ 24 വാക്യങ്ങൾ എന്നിവയും സാമുവൽ എഴുതിയതാണെന്നു ചില ബൈബിൾ പണ്ഡിതന്മാർ വിശ്വസിക്കുന്നു.

വിശുദ്ധ സാമുവൽ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...